കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി.10/347(എ)/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

തീയതി: 06/04/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത്

സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി.10/347(എ)/2019 തിയ്യതി: 06/04/2019

**പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-8-2017 മുതൽ 27-1-2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28-1-2019 മുതൽ 8-2-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ. കെ.വി.അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| പി.രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കെ.പി.രാമകൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| സി. രാജേശ്വരി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. അനിതാ പോൾസൺ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.ടി.കണ്ണൻ | 1-4-2017 മുതൽ 3-4-2017 വരെ &<br>24-4-2017 മുതൽ 16-6-2017 വരെ |
| | ശ്രീ.ജി.ഹരിദാസ്, അസി.സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 4-4-2017 മുതൽ 23-4-2017 വരെ &<br>17-6-2017 മുതൽ 16-7-2017 വരെ |
| | ശ്രീ.പി.എം.സക്കീർ ഹുസൈൻ | 17-7-2017 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.രശ്മി.എം.വി | 1-4-2017 മുതൽ 9-10-2017 വരെ |
| | ശ്രീ.ഉണ്ണിരാജൻ.പി | 10-10-2017 മുതൽ 27-10-2017 വരെ |
| | ശ്രീമതി.കവിത.പി.ആർ | 28-10-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ - 1 | ശ്രീ.ശിവദാസൻ.കെ.വി | 1-4-2017 മുതൽ 11-7-2017 വരെ |
| | ശ്രീ.പ്രമോദ്.ആർ | 12-7-2017 മുതൽ 14-8-2017 വരെ & |

| | | |
|---|---|---|
| | (അധിക ചാർജ്) | 11-11-2017 മുതൽ<br>17-12-2017 വരെ |
| | ശ്രീ.സുരേഷ്.ജി | 15-8-2017 മുതൽ<br>4-10-2017 വരെ |
| | ശ്രീ.രതീഷ് ബാബു.ബി | 5-10-2017 മുതൽ<br>10-11-2017 വരെ |
| | ശ്രീ.ഫാജിഷ് വഹാബ് | 18-12-2017 മുതൽ<br>31-3-2018 വരെ |
| വി.ഇ.ഒ - 2 | ശ്രീ.പ്രമോദ്.ആർ | 1-4-2017 മുതൽ<br>12-4-2017 വരെ<br>2-6-2017 മുതൽ<br>14-8-2017 വരെ<br>19-10-2017 മുതൽ<br>31-3-2018 വരെ |
| | ശ്രീ.ശിവദാസൻ.കെ.വി<br>(അധിക ചാർജ്) | 13-4-2017 മുതൽ<br>1-6-2017 വരെ |
| | ശ്രീ.സുരേഷ്.ജി<br>(അധിക ചാർജ്) | 15-8-2017 മുതൽ<br>4-10-2017 വരെ |
| | ശ്രീ.രതീഷ് ബാബു.ബി<br>(അധിക ചാർജ്) | 5-10-2017 മുതൽ<br>18-10-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഫാത്തു മുത്ത് സുഹറാ ബീബി | 1-4-2017 മുതൽ<br>31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.അനൂപ്.കെ.എം | 1-4-2017 മുതൽ<br>31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ജയന്ത്.വി.ആർ | 1-4-2017 മുതൽ വരെ<br>31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.എ.വി.അരവിന്ദ്<br>(മെഡിക്കൽ ഓഫീസർ) | 1-4-2017 മുതൽ<br>31-3-2018 വരെ |
| | ഡോ.ഷാർലെറ്റ്<br>(ചീഫ് മെഡിക്കൽ ഓഫീസർ) | 1-4-2017 മുതൽ<br>16-7-2017 വരെ |
| | ഡോ.ശ്രീകല.സി<br>(ചീഫ് മെഡിക്കൽ ഓഫീസർ) | 17-7-2017 മുതൽ<br>31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.വിജയ് കുമാർ.ബി | 1-4-2017 മുതൽ<br>11-7-2017 വരെ |

| | | |
|---|---|---|
| | ഡോ.മുബഷീറ.എം | 12-7-2017 മുതൽ<br>31-3-2018 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ.വി.എം.സുകുമാരൻ | 1-4-2017 മുതൽ<br>4-7-2017 വരെ |
| | ഡോ.കെ.ജി.ലത | 5-7-2017 മുതൽ<br>31-3-2018 വരെ |
| എച്ച്.എം | ശ്രീമതി.ജോളി ആന്റോ | 1-4-2017 മുതൽ<br>31-3-2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.ജി.ഹരിദാസ് | 1-4-2017 മുതൽ<br>31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. മീന റസ്സൽ | 1-4-2017 മുതൽ<br>4-2-2018 വരെ |
| | ശ്രീമതി.ഗ്രേസ് എ താച്ചിൽ | 5-2-2018 മുതൽ<br>31-3-2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30.03.2017തീയതിയിലെ തീരുമാനം നം.1 (1) പ്രകാരം അംഗീകരിച്ചു.

മുന്നിരുപ്പ് - 5554987

വരവ് - 25600600

ആകെ വരവ് - 261560987

ചെലവ് - 254914000

നീക്കിയിരുപ്പ് - 6646987

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 19-05-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 5/07/2018 മുതൽ 7/07/2018 വരെ | കെ.എസ്.എ.പി.കെ.ഡി.21/1904/(6)/18 തീ.29.08.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10342540 |
| വരവ് | 111232449 |
| ആകെ | 121574989 |
| ചെലവ് | 114582506 |
| നീക്കിയിരിപ്പ് | 6992483 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18616000 | 18616000 | 17670479 | 945521 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11218146 | 11218146 | 11142371 | 75775 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 56977 | 56977 | 56977 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 16843000 | 16843000 | 16769878 | 73122 |

<table>
<tr><td colspan="2">മെയിന്റനൻസ്,<br>നോൺ-റോഡ്<br>(ACR പ്രകാരം)</td><td>0</td><td>4618000</td><td>4618000</td><td>4570139</td><td>47861</td></tr>
<tr><td colspan="2">സെൻട്രൽ ഫിനാൻസ്<br>കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) *</td><td>0</td><td>14387601</td><td>14387601</td><td>10296269</td><td>4091332</td></tr>
<tr><td colspan="2">കെ.എൽ.എസ്.ജി.ഡി.പി<br>(state)</td><td>0</td><td>1160371</td><td>1160371</td><td>1134986</td><td>25385</td></tr>
<tr><td colspan="2">കെ.എൽ.എസ്.ജി.ഡി.പി<br>(central)</td><td>0</td><td>45796</td><td>45796</td><td>29926</td><td>15870</td></tr>
<tr><td colspan="2">ഐ.സി.ഡി.എസ്<br>(കേന്ദ്രവിഹിതം)</td><td>1426355</td><td>921007</td><td>2347362</td><td>1512552</td><td>834810</td></tr>
<tr><td rowspan="2">എം.ജി.എൻ.<br>ആർ.ഇ.ജി.എസ്</td><td>തൊഴിലാളി<br>കളുടെ കൂലി</td><td>0</td><td>13057026</td><td>13057026</td><td>13057026</td><td>0</td></tr>
<tr><td>അഡ്മിനി<br>സ്ട്രേറ്റീവ്<br>ചെലവ്</td><td>0</td><td>1050027</td><td>1050027</td><td>1047519</td><td>2508</td></tr>
<tr><td colspan="2">വിവാഹധനസഹായം</td><td>0</td><td>630000</td><td>630000</td><td>630000</td><td>0</td></tr>
<tr><td colspan="2">തൊഴിൽ രഹിത<br>വേതനം</td><td>0</td><td>133440</td><td>133440</td><td>133440</td><td>0</td></tr>
<tr><td rowspan="2">ജോയിന്റ്<br>വെഞ്ചർ<br>അക്കൗണ്ട്</td><td>ബ്ലോക്ക്<br>പഞ്ചായത്ത്</td><td>0*</td><td>4789167</td><td>4789167</td><td>3637496<br>**</td><td>(-)<br>460833</td></tr>
<tr><td>ജില്ലാ<br>പഞ്ചായത്ത്</td><td>0</td><td>2415000</td><td>2415000</td><td>2415000</td><td>0</td></tr>
<tr><td colspan="2">ഉത്പാദനബോണസ്</td><td>0</td><td>912000</td><td>912000</td><td>912000</td><td>0</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 6792055 | 12087000 | 18879055 | 15366424 | (-) 770121 |
| തനത് ഫണ്ട് | 3046661 | 26529406 | 29576067 | 21966402 | 7609665 |

* ബ്ലോക്ക് പഞ്ചായത്ത് വിഹിതം യഥാർത്ഥ മുന്നിരിപ്പ് തുക 660000രൂപയാണ്. ആയത് എസ്.ബി.ഐ തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നു.

** യഥാർത്ഥ ചെലവ് മുന്നിരിപ്പ് തുകയായ 660000 രൂപയിലെ 129000 രൂപ ഉൾപ്പെടെ 3766496 രൂപയാണ്.

കുറിപ്പ് - റിഡംപ്ഷൻ തുക –5895256 (4282752-ടി.എസ്.ബി അക്കൗണ്ട് +1612504- ജോയിന്റ് വെഞ്ചർ അക്കൗണ്ട്)

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 246 | 112054301 | 180 | 78072263 | 66 | 73 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13057026 | 13057 | 11927307 | 0 |
| ഭരണചെലവുകൾ | 0 | 1050027 | 1050027 | 1047519 | 2508 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 133440 | 243 |
| കർഷകതൊഴിലാളി പെൻഷൻ | 11385800 | 944 |
| വിധവാപെൻഷൻ | 16717800 | 1389 |
| വാർദ്ധകൃകാലപെൻഷൻ | 26385200 | 2039 |
| വികലാംഗപെൻഷൻ | 3938800 | 4162 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർ | 876900 | 100 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-1-19 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13329 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ഈടാക്കേണ്ട ലൈസൻസ് ഫീസ്, കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവയിൽ വേണ്ടത്ര ശ്രദ്ധ ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് ഓഡിറ്റിൽ വ്യക്തമാകുന്നു. സമയബന്ധിതമായി ലൈസൻസ് നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിക്കുന്നതിന് കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം പരിഗണിക്കുന്നതിൽ അപാകത ഉണ്ടായിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കാൻ കഴിഞ്ഞിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ട്. തെരുവ് വിളക്കുകളുടെ കാര്യത്തിൽ നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്കായി തുക ഒടുക്കുന്നത് പരിശോധനാവിധേയമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതികളുടെ വരവുകളും ചെലവുകളും സമരസപ്പെട്ടു പോകുന്ന വിധത്തിൽ വെള്ളക്കരം പുനക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-1-2019 മുതൽ 19-1-2019 | 12/2018 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2-1-2006 മുതൽ 14-2-2006 വരെ | 1997-98 മുതൽ 2004-05 വരെ | 31-3-2006 |

## 1-12 വാർഷിക കണക്കുകളുടെ അപാകതകൾ

ഒന്നുമില്ല

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

*ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ രേഖകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകൾ എന്നിവ പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുകയും ചെയ്ത ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.*

എ) വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 വർഷത്തെ കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| **2017-18** വസ്തു നികുതി |
|---|

| കുടിശ്ശിക | |
|---|---|
| തൻവർഷം | മുൻവർഷങ്ങളിലെ |
| 714925 | 1241432 |

മേൽ പട്ടികയിൽ തൻവർഷം ഈടാക്കാൻ അവശേഷിക്കുന്ന കുടിശികയിൽ 79 ശതമാനവും മുൻവർഷങ്ങളിലേതിൽ 89 ശതമാനവും പാർപ്പിടേതര കെട്ടിടങ്ങളുടേതാണ്. കുടിശ്ശിക ഈടാക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ച പരിശോധിച്ച് 100 ശതമാനം നികുതിപിരിവ് കൈവരിക്കുന്നതിനുള്ള കൂട്ടായ ശ്രമം ഉണ്ടാവേണ്ടതാണ്.

<u>ബി) തങ്കം തിയ്യറ്റർ - എയർകണ്ടീഷനിംഗ് സൗകര്യത്തിന് ആനുപാതികമായി വർദ്ധനവ് വരുത്താതെ നികുതി നിർണയം നടത്തിയതിനാൽ വസ്തുനികുതി നഷ്ടം</u>

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തങ്കം തിയ്യറ്ററിൽ 4-2-2019 ന് ഓഡിറ്റ് ടീം പ്രാദേശിക പരിശോധന നടത്തിയതിൽ ശ്രീമതി.പി.എസ്.സതീദേവി എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ 15/712 കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് സംവിധാനം നിലവിലുള്ളതായി ബോധ്യപ്പെട്ടു. എന്നാൽ സഞ്ചയയിൽ നിന്നുള്ള പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി നിർണയ വിവരങ്ങൾ (ഫോറം 6) പരിശോധിച്ചപ്പോൾ സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് സംവിധാനത്തിന് ആനുപാതികമായി വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

സഞ്ചയയിലെ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ 16033 കെട്ടിടങ്ങളിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായ 13334 കെട്ടിടങ്ങളിൽ 15/712 നമ്പറിലുള്ള തങ്കം തിയ്യറ്റർ കെട്ടിടവും ഉൾപ്പെടുന്നുണ്ട്. 10-12-2018 -ാം തിയ്യതിയിലാണ് പ്രസ്തുത കെട്ടിടം ഡാറ്റാ പ്യൂരിഫിക്കേഷൻ പ്രകാരം ഡിജിറ്റലി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഡാറ്റാപ്യൂരിഫിക്കേഷൻ വേളയിലും അപാകതകൾ പരിശോധനനാവിധേയമാക്കാതെ അംഗീകരിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.17, തിയ്യതി-5-2-2019 ന്റെ മറുപടിയിൽ ചട്ടപ്രകാരം നികുതി വർദ്ധനവ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. നിലവിൽ നിർണയിച്ചിട്ടുള്ളതും യഥാർത്ഥത്തിൽ നിർണയിക്കേണ്ടതുമായ വസ്തുനികുതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർണയിച്ച വസ്തുനികുതി | |
|---|---|
| ഉപയോഗ തരം | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, തിയ്യറ്റർ, ആഡിറ്റോറിയം etc |
| നികുതി നിരക്ക് | 30 |

| | |
|---|---|
| ആകെ തറവിസ്തീർണം | 470ച.മീ |
| അടിസ്ഥാന വസ്തുനികുതി | 14100 രൂപ |
| ഇളവുകൾ | 30%<br>(20%കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ + 10% മേൽക്കൂരയുടെ അടിസ്ഥാനത്തിൽ |
| വർദ്ധനവ് | 20% (വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ) |
| നിർണയിച്ച വസ്തുനികുതി | 12690 രൂപ + 635 രൂപ (ഗ്രന്ഥശാല വരി) |
| 2017-18 വർഷം ഈടാക്കിയ നികുതി | 12690 രൂപ + 635 രൂപ (ഗ്രന്ഥശാല വരി)<br>രസീതി നം. 117010500267 തിയ്യതി - 31-3-2018 |
| എയർകണ്ടീഷനിംഗ് സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നിർണയിക്കേണ്ട വസ്തുനികുതി | |
| ഉപയോഗ തരം | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, തിയ്യറ്റർ, ആഡിറ്റോറിയം etc |
| നികുതി നിരക്ക് | 30 |
| ആകെ തറവിസ്തീർണം | 470ച.മീ |
| അടിസ്ഥാന വസ്തുനികുതി | 14100 രൂപ |
| ഇളവുകൾ | 30%<br>(20%കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ + 10% മേൽക്കൂരയുടെ അടിസ്ഥാനത്തിൽ |
| വർദ്ധനവ് | 30%<br>(20%വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ + 10% എയർകണ്ടീഷനിംഗ് സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ) |
| നിർണയിക്കേണ്ട വസ്തുനികുതി | 14100രൂപ + 705 രൂപ (ഗ്രന്ഥശാല വരി) |
| 2017-18 വർഷത്തിൽ ഡിമാന്റ് ചെയ്തതിൽ ഉണ്ടായിട്ടുള്ള കുറവ് | 1410 രൂപ<br>14100 -12690 =1410 + 70 ഗ്രന്ഥശാല വരി |

നവീകരണ പ്രവർത്തനങ്ങൾ പരിഷ്കരണശേഷം ഏർപ്പെടുത്തിയിട്ടുള്ളതാണെങ്കിൽ ആയതിന്റെ പെർമിറ്റ്/പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കുന്നതിന് മേൽ ഓഡിറ്റ് അന്വേഷണം പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും അത്തരത്തിലുള്ള രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിൽ എയർകണ്ടീഷനിംഗ് സൗകര്യം

ഏർപ്പെടുത്തിയിട്ടുള്ളത് എന്നുമുതലാണെന്ന് പരിശോധിച്ച്. വസ്തുനികുതി പുനർനിർണിയിക്കേണ്ടതും കുടിശ്ശികയുൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

<u>സി) വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പുനപരിശോധിക്കേണ്ടതാണ്</u>

ജി.ഒ (എം.എസ്) 144/2015 ത.സ്വ.ഭ.വ തി.27.4.2015 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളെയും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

അസസ്സ്മെന്റ് രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം താഴെപറയുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമ | ഉപയോഗ തരം | തറ വിസ്തീർണം (ച.മീ) | നിർണയിച്ച വസ്തുനികുതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1/63 | രാജാമണി.സി | രേഖപ്പെടുത്തിയിട്ടില്ല* | 77 | 0 | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 2 | 1/414 | ടി.ചെല്ലൻ | പാർപ്പിടാവശ്യം | 65 | 0 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 30ച.മീ താഴെയുള്ള വാസഗൃഹം |
| 3 | 7/264 | ഫോറസ്റ്റ് റേഞ്ച് ഓഫീസ്, അണക്കപ്പാറ | രേഖപ്പെടുത്തിയിട്ടില്ല* | 67 | 0 | കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള 285 അനുച്ഛേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയത് എന്നാണ് കാരണം |
| 4 | 7/265 | ഫോറസ്റ്റ് റേഞ്ച് ഓഫീസ്, അണക്കപ്പാറ | രേഖപ്പെടുത്തിയിട്ടില്ല* | 42 | 0 | -ടി- |
| 5 | 8/520 | ചന്ദ്രൻ | രേഖപ്പെടുത്തിയിട്ടില്ല* | 61 | 0 | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 6 | 8/517 | ശശികുമാർ | രേഖപ്പെടുത്തിയിട്ടില്ല* | 61.23 | 0 | -ടി- |

| | | | | | | |
|---|---|---|---|---|---|---|
| 7 | 8/514 | ചെല്ലമണി | രേഖപ്പെട്ട ത്തിയിട്ടില്ല* | 61.9 | 0 | -ടി- |
| 8 | 9/696 | വിജയം | രേഖപ്പെട്ട ത്തിയിട്ടില്ല* | 82 | 0 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 30ച.മീ താഴെയുള്ള വാസഗൃഹം |
| 9 | 9/689 | സി.ജെ. ജോസഫ് | രേഖപ്പെട്ട ത്തിയിട്ടില്ല* | 120 | 0 | കാരണം രേഖപ്പെട്ടുത്തിയിട്ടില്ല |
| 10 | 9/603 | രവി | പാർപ്പി ടാവശ്യം | 95.08 | 0 | സർക്കാർ നിർമ്മിച്ച നൽകിയ വാസഗൃഹം |
| 11 | 15/642 | മാത്യു ഒമ്പുക്കാട്ടിൽ | രേഖപ്പെട്ട ത്തിയിട്ടില്ല* | 111.48 | 0 | കാരണം രേഖപ്പെട്ട ത്തിയിട്ടില്ല |

*നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് കാരണം രേഖപ്പെടുത്തിയിട്ടില്ല.

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ എല്ലാം 60 ച.മീ ൽ കൂടുതലാണ്.

വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിസ്തീർണം, ഉപയോഗ ക്രമം എന്നിവ പുനഃപരിശോധിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.17, തിയ്യതി- 5-2-2019 ന്റെ മറുപടിയിൽ, ചിലത് ബേയ്സ് ഡാറ്റാ എൻട്രി സമയത്ത് തെറ്റായി രേഖപ്പെടുത്തിയതു മൂലവും, ക്രമ നം.9 വിമുക്തഭടന്റെ വാസഗൃഹമായതിനാലുമാണ് നികുതി ഒഴിവാക്കിയിട്ടുള്ളത് എന്നാണ് പറഞ്ഞിട്ടുള്ളത്. ഡാറ്റാപ്യൂരിഫിക്കേഷനിലൂടെ പരിശോധിച്ച് അപാകത പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ചട്ട പ്രകാരം വസ്തു നികുതി അടവാക്കേണ്ട മുഴവൻ കെട്ടിടങ്ങൾക്കും നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഡി) വസ്തുനികുതി കുറവായി നിർണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ വർഷംതോറും നഷ്ടം

സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണയ രജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്തിലെ വാർഡ് നമ്പർ 12 ൽ (മന്ദം) ശ്രീ.ബിജു വർക്കി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള ഉപയോഗത്തിനായി 84 കെട്ടിട നമ്പറുകൾ അനുവദിച്ച് നികുതി നിർണയിച്ച നൽകി വസ്തുനികുതി ഈടാക്കി വരുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ളവ : 50 രൂപ / ച.മീ.

വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 60രൂപ / ച.മീ.

കെട്ടിട നമ്പറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം | തറവിസ്തീർണം |
|---|---|---|
| 1 | 12/1597 | 34.73 |
| 2 | 12/1598 | 128.47 |
| 3 | 12/1599 | 127.02 |
| 4 | 12/1600 | 140.7 |
| 5 | 12/1601 | 142.3 |
| 6 | 12/1602 | 55.7 |
| 7 | 12/1603 | 54.95 |
| 8 | 12/1604 | 76.95 |
| 9 | 12/1608 | 139 |
| 10 to 15 | 12/1609 മുതൽ 12/1614 വരെ | 69.01 |
| 16 | 12/1615 | 70.59 |
| 17 to 21 | 12/1616 മുതൽ 12/1620 വരെ | 31.93 |
| 22 | 12/1621 | 32.83 |

| | | |
|---|---|---|
| 23 | 12/1622 | 139 |
| 24 | 12/1623 | 69.01 |
| 25 | 12/1624 | 68.9 |
| 26 | 12/1625 | 69.01 |
| 27 to 29 | 12/1626 മുതൽ 12/1628 വരെ | 68.8 |
| 30 | 12/1629 | 70.59 |
| 31 to 35 | 12/1630 മുതൽ 12/1634 വരെ | 31.93 |
| 36 | 12/1635 | 32.83 |
| 37 | 12/1651 | 15.32 |
| 38 | 12/1672 | 15.7 |
| 39 | 12/1673 | 19.5 |
| 40 | 12/1674 | 27.5 |
| 41 to 44 | 12/1675 മുതൽ 12/1678 വരെ | 31.5 |
| 45 | 12/1679 | 50.5 |
| 46 | 12/1680 | 31 |
| 47, 48 | 12/1681, 12/1682 | 55.5 |
| 49 | 12/1683 | 54 |

| | | |
|---|---|---|
| 50 | 12/1684 | 15 |
| 51 | 12/1685 | 19 |
| 52 | 12/1686 | 25.2 |
| 53 to 55 | 12/1687 മുതൽ 12/1689 വരെ | 30.94 |
| 56 | 12/1691 | 32.2 |
| 57 | 12/1692 | 29.68 |
| 58 to 60 | 12/1693 മുതൽ 12/1695 വരെ | 32.2 |
| 61,62 | 12/1696, 12/1697 | 29.68 |
| 63 | 12/1698 | 32.2 |
| 64 | 12/1699 | 29.68 |
| 65 | 12/1700 | 52.6 |
| 66 | 12/1701 | 28 |
| 67 | 12/1702 | 25 |
| 68 to 71 | 12/1703 മുതൽ 12/1706 വരെ | 29.48 |
| 72 | 12/1707 | 23.9 |
| 73 | 12/1708 | 30.2 |
| 74 | 12/1709 | 27.68 |

| | | |
|---|---|---|
| 75 | 12/1710 | 30.2 |
| 76 | 12/1711 | 27.68 |
| 77 | 12/1712 | 30.2 |
| 78,79 | 12/1713, 12/1714 | 27.68 |
| 80 | 12/1715 | 30.2 |
| 81 | 12/1716 | 27.68 |
| 82 | 12/1717 | 50.6 |
| 83 | 12/1718 | 29.03 |
| 84 | 12/1719 | 21.37 |

മേൽ കെട്ടിടങ്ങൾക്കെല്ലാം തന്നെ വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ വിസ്തീർണ്ണമുള്ളവ, 100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ എന്നീ ഉപയോഗക്രമങ്ങൾക്ക് അടിസ്ഥാനമായിട്ടാണ് നികുതി നിർണയിച്ച് വസ്തുനികുതി ഈടാക്കിയിട്ടുള്ളത്. ഇവയിൽ ക്രമ നം.4, 5, 23 എന്നിവയുടെ തറവിസ്തീർണം യഥാക്രമം 140.7 ച മീ, 142.3 ച മീ, 139 ച മീ, എന്നിങ്ങനെയാണ്. എന്നാൽ ഇവയുടെ വസതുനികുതി നിർണയ വിവരങ്ങൾ പ്രകാരം 100ച.മീ. വരെ ആകെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ആനുപാതികമായ ച.മീറ്ററിന് 50 രൂപ നിരക്കിലാണ് നികുതി കണക്കാക്കിയിട്ടുള്ളത്

ഡി & ഒ രജിസ്റ്റിലെ വിവരങ്ങൾ പ്രകാരം മേൽ പട്ടികയിലെ കെട്ടിട നം.12/1599 മുതൽ 12/1604 വരെയുള്ള കെട്ടിടങ്ങൾ 'Fresh&More' എന്ന പേരിലുള്ള സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഇവയ്ക്ക് 5 കെട്ടിട നമ്പറുകളിലായിട്ടാണ് നികുതി നിർണയിച്ച് (12/1599 ന് 50 രൂപ നിരക്കിലും മറ്റു 4 കെട്ടിട നമ്പറുകൾക്ക് 60 രൂപ നിരക്കിലും) ഈടാക്കിയിട്ടുള്ളത്. സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നതിന് ലൈസൻസ് എടുത്തതിലെ വിവരങ്ങൾക്കനുസരിച്ച് അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇവയുടെ ആകെ വിസ്തീർണം 597.62 ച.മീ ആണ് എന്ന് ബോധ്യപ്പെട്ടു. പഞ്ചായത്തിൽ 200 ച.മീ ന് മുകളിൽ തറവിസ്തീർണം ഉള്ള സൂപ്പർമാർക്കറ്റുകൾക്ക് ച.മീറ്ററിന് 80 രൂപയാണ് വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. അതുപ്രകാരമുള്ള നികുതിനിരക്ക് ചുമത്തിയിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4)) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. എന്നാൽ ഇത് വ്യക്തമായ കാരണങ്ങളാൽ പ്രത്യേകമായ നമ്പറുകൾ നൽകിയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യമാണ് എന്ന് വ്യക്തമാണ്.

മേൽ പട്ടികയിലെ കെട്ടിട നം.12/1608 മുതൽ 12/1615 വരെയുള്ളവ വസ്ത്രവിൽപനയ്ക്കായി 'Revoli Silks' എന്ന സ്ഥാപനം നടത്തുന്നതിന് ലൈസൻസ് എടുത്തിട്ടുള്ളതായി ഡി & ഒ രജിസ്റ്റർ, അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. ഇവയുടെ ആകെ വിസ്തീർണം 623.65 ച.മീ ആണ്. ഒരേ ഉപയോഗ ഗണത്തിലുള്ളതും, ഒരു വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ളതുമായ പ്രസ്തുത കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പറുകൾ നൽകിയിട്ടുള്ളതിനാൽ 12/1608 ഒഴികെ മറ്റു നമ്പറുകൾ 100 ച.മീ വരെയുള്ള കെട്ടിടങ്ങളുടെ നിരക്കുമാത്രമാണ് ഈടാക്കിയിട്ടുള്ളത്.

ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളതും ഇതേ അപാകത നിലനിൽക്കുന്നതുമായ മറ്റുചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥൻ | ഉപയോഗക്രമം | ഡി & ഒ ലൈസൻസ് രജിസ്റ്റർ നമ്പർ |
|---|---|---|---|
| 14/1580 to 14/1584 | സിദ്ദിഖ് | Stock & sale granite & marbles | 339 |
| 12/1496 to 12/1499 | എം.എ.ഷർമിള | Stock & sale of cloths (കനിഹ വെഡ്ഡിംഗ് സെന്റർ) | 306/2747 |
| 12/1157 to 12/1160* | ഡേവിഡ് കെ ജോൺ | For running jwellery (തൃശ്ശൂർ ഗോൾഡൻ ജ്വല്ലറി) | 65/1210 |

* 12/1157, 12/1160 നമ്പറിലുള്ള കെട്ടിടങ്ങൾ അസംബ്ലികെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 30 രൂപ നിരക്കിലും 12/1158, 12/1159 എന്നിവയ്ക്ക് വാണിജ്യാവശ്യത്തിനുള്ളവ 100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ആനുപാതികമായ 50 രൂപ/ച.മീ. നിരക്കിലുമാണ് ഈടാക്കിയിട്ടുള്ളത്. ഒരേ ഉടമസ്ഥന്റെ കീഴിലുള്ളതും ഒരേ ഉപയോഗ ക്രമത്തിലുമുള്ള (ജ്വല്ലറി) ഈ 4 കെട്ടിട നമ്പറുകൾക്ക് ആകെ തറവിസ്തീർണം 100 ച.മീ ന് മുകളിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള

കെട്ടിടത്തിന്റെ അടിസ്ഥാനത്തിൽ 60 രൂപ/ച.മീ ആണ് ഈടാക്കേണ്ടിയിരുന്നത്. അസംബ്ലികെട്ടിടങ്ങളുടെ നിരക്കിൽ തെറ്റായി ഉപയോഗക്രമം രേഖപ്പെടുത്തിയതിനാലും പ്രത്യേക കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണയിച്ച് ഈടാക്കിയിട്ടുള്ളതിനാലും വസ്തുനികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്.

പട്ടികയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ഉദാഹരണങ്ങൾ കൂടാതെ മറ്റു സ്ഥാപനങ്ങളിലെ കെട്ടിടങ്ങളിലും ഇത്തരത്തിലുള്ള അപാകതകൾ നിലനിൽക്കുന്നുണ്ട്. 80% ൽ അധികം കെട്ടിടങ്ങളുടെയും ഡാറ്റാപ്യൂരിഫിക്കേഷൻ പൂർത്തിയായ വേളയിലും പ്രധാനപ്പെട്ടവ പോലും പരിശോധനനാവിധേയമാക്കിയിട്ടില്ല.

ആദ്യ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ഒരേ ഉടമസ്ഥന്റെ കീഴിലുള്ളതും 84 പ്രത്യേക നമ്പറുകളിലായി വസ്തുനികുതി നിർണയം നടത്തിയിട്ടുമുള്ളവയിൽ 12/1599 മുതൽ 12/1604 വരെ, കെട്ടിട നം.12/1608 മുതൽ 12/1615 വരെ എന്നിവയ്ക്ക് മാത്രമാണ് ലൈസൻസ് രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുള്ളത്. മറ്റു കെട്ടിടങ്ങളെല്ലാം തന്നെ വാണിജ്യാവശ്യങ്ങൾക്കുള്ള നിരക്കിലാണ് വസ്തുനികുതി നിർണയിച്ചിട്ടുള്ളത് ഇവ പരിശോധനനാവിധേയമാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3 ൽ ഖണ്ഡിക 4 പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഉടമകളുടെ അപേക്ഷകൾ പ്രകാരമാണോ തക്കതായ കാരണങ്ങൾ ഉണ്ടായിട്ടാണോ എന്നിവ പരിശോധനനാവിധേയമാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ വസ്തുനികുതി നിയമാനുസൃതമായി ഈടാക്കുന്നതിനും ചോർച്ച തടഞ്ഞ് തനത് ഫണ്ട് സമാഹരിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതുമാണ്.

*വസ്തുനികുതി പരിഷ്കരണശേഷം നിർണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഇത്തരത്തിലുള്ള നികുതിചോർച്ച ഗൗരവമായി വീക്ഷിക്കേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.*

ഓഡിറ്റ് അന്വേഷണം നം.26, തിയ്യതി-7-2-2019 ന്റെ മറുപടിയിൽ, കെട്ടിടങ്ങളുടെ വസ്തുനികുതി പരിശോധിച്ച് മൊത്തവിസ്തീർണത്തെ അടിസ്ഥാനപ്പെടുത്തി നികുതി പുനഃക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഇ) സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശങ്ങൾ ഉണ്ടായിട്ടും ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

## 2-2 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

സഞ്ചയയിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 10 മൊബൈൽ ടവറുകളിൽ ബി.എസ്.എൻ.എൽ - ന്റെ ഉടമസ്ഥതയിലുള്ള ഒരു ടവറിന്റെ ഒഴികെ മറ്റു ടവറുകളുടെയെല്ലാം വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. ബി.എസ്.എൻ.എൽ ടവറിന്റെ മാത്രമായി 2013-14 മുതലുള്ള കുടിശ്ശികയായ 25200 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വാർഡ് നം./വാർഡിന്റെ പേര് | 19/പന്നിയങ്കര |
| ടവർ ഉടമ | ബി.എസ്.എൻ.എൽ |

| | |
|---|---|
| ടവർ നം. | 438 |
| നിർണയിച്ച വസ്തുനികുതി | 5040 |
| ആകെ കുടിശിക | 25200 |
| കുടിശ്ശിക ഏതു വർഷം മുതൽ | 2013-14 |

കുടിശ്ശിക ഈടാക്കുന്നതിനും അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിനും വ്യക്തമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ 25-10-2017 ലെ സർക്കുലർ നം.സി3-18009/17 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം ഗ്രാമപഞ്ചായത്ത് പരിശോധനാ നടപടികൾ സ്വീകരിക്കേണ്ടതും അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും അവയ്ക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക ഈടാക്കുന്നതിന് ബി.എസ്.എൻ.എൽ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.7, തീയതി-31-3-2019)

മൊബൈൽ ടവറുകളുടെ മുൻവർഷങ്ങളിലെ കുടിശ്ശിക പിരിച്ചെടുത്തത് അഭിനന്ദനാർഹം

2016-17 വർഷത്തിൽ 7 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 32509 രൂപ ഈടാക്കാൻ അവശേഷിച്ചിരുന്നു. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ആയത് പരാമർശിക്കപ്പെടുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തൻവർഷം 277309 രൂപ ഈടാക്കിയിട്ടുണ്ട്. ബി.എസ്.എൻ.എൽ ടവുകളുടെ ഒഴികെ മറ്റെല്ലാ ടവറുകളുടെയും 90 ശതമാനവും കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തിട്ടുള്ളത് അഭിനന്ദനാർഹമാണ്. തുടർച്ചയായ ഡിമാന്റ് നോട്ടീസുകൾ, ആർ.ആർ നോട്ടീസുകൾ എന്നിവ അയയ്ക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കുടിശ്ശിക പിരിച്ചെടുക്കാൻ സാധ്യമായതെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

## 2-3 ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 30-3-2017 ലെ തീരുമാനം 1 അനുസരിച്ച് അംഗീകരിച്ചിട്ടുണ്ട്. കൂടാതെ 27-3-2018 ലെ തീരുമാനം 1(1) പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി ബജറ്റിനു മുമ്പായി വിളിച്ചു ചേർക്കേണ്ടതാണ്.

ബജറ്റ് ഒഴികെ ബജറ്റ് നടപടിക്രമങ്ങളുടെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ (നം.19/5-2-2019) ന്റെ മറുപടിയിൽ വിവിധ ഘടക സ്ഥാപനങ്ങളിൽ നിന്നും നോൺപ്ലാൻ പ്രൊപ്പോസൽ നിർദ്ദേശങ്ങൾ വാങ്ങിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10-3-2017 ലെ 3-ാം നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ടി ശുപാർശകൾ കൂടി പരിഗണിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. ജനുവരി 15 ന് മുമ്പ് വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രോഡീകരിച്ച് നൽകുന്ന നോൺ പ്ലാൻ പ്രൊപ്പോസലുകൾ ഉപയോഗപ്പെടുത്തിയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിലേക്കുള്ള അന്തിമ നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്നിരിക്കെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും സഹകരണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. വാർഷിക ബജറ്റിൽ ആവശ്യമായ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ബജറ്റ് നടപടിക്രമങ്ങളിലെ പാളിച്ച കാരണമാകുന്നതാണ്. എല്ലാ ഘടകസ്ഥാപനങ്ങളുടേയും ആവശ്യകത വിലയിരുത്തിയതിനുശേഷം മാത്രം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

2. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

3. ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്. ബജറ്റ് നിയന്ത്രണത്തിനായി ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും ഉള്ള സഹകരണം കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.

തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **2-4** <u>രസീതി പുസ്തകങ്ങൾ കൈകാര്യം ചെയ്യുന്നതിലെ</u>

## അപാകതകൾ

എൽ.എസ്.ജി.ഡി സെക്ഷനിൽ ഉപയോഗിച്ചിട്ടുള്ള രസീതി പുസ്തകം നം.44443 ലെ രസീതി നം.2, 3, 5 എന്നീ രസീതികൾ റദ്ദാക്കിയിട്ടുണ്ട്. എന്നാൽ ഡ്യൂപ്ലിക്കേറ്റ് രസീതികൾ രസീതു ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. 29-2-2017 തിയ്യതിയിൽ ടെൻഡർ ഫോറം വിറ്റ ഇനത്തിലെ വരവുകളാണ് പ്രസ്തുത രസീതികളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. രസീതി നം.2 ൽ 3658 രൂപയും രസീതി നം.5 ൽ 8850 രൂപയും വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. രസീതി നം.3 ൽ തുക രേഖപ്പെടുത്തിയിട്ടില്ല. ഡ്യൂപ്ലിക്കേറ്റ് രസീതികൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

റദ്ദാക്കിയ മേൽ രസീതികളിൽ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.8/1-2-2019) മറുപടിയിൽ 'ടെൻഡർ നടപടികൾക്ക് ശേഷം കരാറുകാർ തുക നൽകിയതിന്റെ ഡ്യൂപ്ലിക്കേറ്റ് തിരക്കിട്ട് മുറിച്ചു നൽകിയപ്പോൾ ക്യാൻസൽ ചെയ്യലും അബദ്ധത്തിൽ മുറിച്ചതാണ് എന്നതാണ് ' രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിലുള്ള മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. രസീതി പുസ്തകങ്ങൾ കൈകാര്യം ചെയ്യുമ്പോൾ താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

- റദ്ദാക്കുന്ന രസീതികളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി/ നിർവ്വഹണോദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- റദ്ദാക്കിയ രസീതികളുടെ ഡ്യൂപ്ലിക്കേറ്റ് കോപ്പി നിർബന്ധമായും അതോടൊപ്പം സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
- സാമ്പത്തിക വർഷാവസാനം, ഉപയോഗിക്കാത്ത രസീതികൾ റദ്ദാക്കി നിർവ്വഹണോദ്യോഗസ്ഥർക്ക നൽകിയതുൾപ്പെടെ പഞ്ചായത്തിൽ തിരികെ ഏൽപിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

# 2-5 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിലുള്ളതും തൊഴിൽ നികുതി പരിധിയിൽ വരുന്നതുമായ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത, പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ കാര്യക്ഷമത എന്നിവ പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടിരുന്നത്. സ്ഥാപന രജിസ്റ്റർ, തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി പത്രികകൾ, ഡി&ഒ ലൈസൻസ് രജിസ്റ്റർ എന്നീ രേഖകൾ പരിശോധനയ്ക്ക് ആധാരമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി

പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽനികുതി പത്രികകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ശബരി സൂപ്പർ മാർക്കറ്റ് | 1&2 |
| 2 | എസ്.ബി.ഐ (ടൗൺ) | 1&2 |
| 3 | എസ്.ബി.ഐ (ന്യൂ) | 2 |
| 4 | ഐ.സി.ഐ.സി.ഐ ബാങ്ക് | 1&2 |
| 5 | The new trichur co(p)Ltd | 1&2 |
| 6 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് (Ltd) | 1&2 |
| 7 | ചെമ്മണ്ണൂർ ക്രെഡിറ്റ് | 1 |
| 8 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കോ.ലിമിറ്റഡ് | 2 |
| 9 | നന്തിലത്ത് ഇലക്ട്രോണിക്സ് | 2 |
| 10 | ഇസാഫ് മൾട്ടിസ്റ്റേറ്റ് അഗ്രോ കോപ്പറേറ്റീവ് സൊസൈറ്റി | 1&2 |
| 11 | HDFC Bank | 1&2 |

ബി) അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2017-18 വർഷത്തിൽ ഏറ്റെടുത്തതും 2016-17 വർഷത്തെ സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പെടെയുമായി

വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കരാറുകാർ പഞ്ചായത്തു പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

കരാറുകാരുടെയും 2017-18 വർഷത്തിൽ കരാറിലേർപ്പെട്ട പ്രവൃത്തികളുടെ എണ്ണത്തിന്റെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാർ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | ആർ.ഉണ്ണികൃഷ്ണൻ | 10 |
| 2 | വി.ചെന്താമരാക്ഷൻ | 1 |
| 3 | സി.എം.വിനോദ് | 12 |
| 4 | കെ.ആർ.സുധാകരൻ | 5 |
| 5 | കെ.വി.രാമചന്ദ്രൻ | 4 |
| 6 | വി.എ.മൊയ്ദീൻ | 1 |
| 7 | വി.എം.നൈസാം | 2 |
| 8 | എ.സുഭാഷ് | 1 |
| 9 | കെ.എൽ.കൃഷ്ണൻകുട്ടി | 6 |
| 10 | വി.ഡി.യേശുദാസൻ | 4 |
| 11 | കെ.എം.ജോസ് | 1 |
| 12 | കെ.ബി.കൃഷ്ണദാസ് | 1 |
| 13 | സി.പ്രവീൺ കുമാർ | 5 |
| 14 | കെ.എ.രാമചന്ദ്രൻ | 6 |

| | | |
|---|---|---|
| 15 | ആർ.രാജാമണി | 6 |
| 16 | ആർ.മനോജ് കുമാർ | 3 |
| 17 | കെ.ഉദയകുമാർ | 11 |
| 18 | ബിജു.എം.മാത്യു | 11 |
| 19 | കെ.വി.രാമൻ | 1 |
| 20 | ജയപ്രകാശൻ | 2 |
| 21 | കെ.രാജപ്പൻ | 1 |
| 22 | നാരായണൻകുട്ടി | 1 |
| 23 | പി.ഗംഗാധരൻ | 6 |

കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് അടങ്ങിയ സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഡി) റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. റേഷൻകടകളുടെ വിവരങ്ങൾ ശേഖരിക്കേണ്ടതും റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി നിയമാനുസൃതം ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.16, തിയ്യതി-5-2-2019 ന്റെ മറുപടിയിൽ തൊഴിൽനികുതി ഈടാക്കുന്നതിനും സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിൽ പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ) ഡി & ഒ രജിസ്റ്റർ/അപേക്ഷ സൂക്ഷിപ്പിലെ അപാകതകൾ

1. ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തിയ്യതി രേഖപ്പെടുത്തുന്നില്ല. യഥാസമയത്തു തന്നെ ലൈസൻസികൾ അപേക്ഷകൾ സമർപ്പിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിന് രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തിയ്യതി രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. പുതിയ അപേക്ഷയുടെയും പുതുക്കാനുള്ള അപേക്ഷയുടെയും വിവരങ്ങൾ കൃത്യമായി രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്

3. ഡി ആന്റ് ഒ ട്രേഡേഴ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4. പുതിയ അപേക്ഷകർ സപ്ലിമെന്ററി ആയി വാർഡ് അടിസ്ഥാനത്തിൽ ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) സമയബന്ധിതമായി ലൈസൻസ് പുതുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2017-18 ൽ ലൈസൻസ് നൽകിയ ആകെ കച്ചവട സ്ഥാപനങ്ങളുടെ എണ്ണം 871 (പുതിയ അപേക്ഷകൾ ഉൾപ്പെടെ) ആണ്. ഇവയിൽ ക്രമനം.287 വരെയുള്ള അപേക്ഷകളാണ് നിശ്ചിത സമയപരിധിക്കകം ലൈസൻസ് പുതുക്കിയിട്ടുള്ളത്. അവശേഷിക്കുന്ന 584 അപേക്ഷകളിൽ 50ശതമാനത്തിൽ താഴെ മാത്രമാണ് പുതിയ അപേക്ഷകളുള്ളത്. ഭൂരിഭാഗവും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ ആണ് ലൈസൻസ് പുതുക്കുന്നതിനുള്ള സമയക്രമം

സമയ ബന്ധിതമായി ലൈസൻസ് അപേക്ഷകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരുടെ പേരിൽ

ചട്ടപ്രകാരമുള്ള നടപടികളെടുക്കേണ്ടതാണ്. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുമ്പ് ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നുണ്ട്.

സി) ഡി&ഒ ലൈസൻസ് ഫീ നിർണ്ണയം - 2017 ലെ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്.. ചട്ടങ്ങളിലെ *'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ'* എന്നത് *'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ'* എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ 2017-18 വർഷത്തിൽ വരുത്തിയിട്ടില്ല.

ഡി) ലൈസൻസ് ഇല്ലാതെ റേഷൻ കടകൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടുള്ളതായി ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.18, തിയ്യതി-5-2-2019 ന്റെ മറുപടി പ്രകാരം താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്.

- ടൗൺ പഞ്ചായത്തും തിരക്കേറിയ പഞ്ചായത്തും ആയതിനാലാണ് ഇത്തരത്തിലുള്ള അപാകതകൾ വന്നിട്ടുള്ളത്. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ശ്രദ്ധിക്കുന്നതാണ്.

- ഭേദഗതി ചട്ടപ്രകാരം പുതുക്കിയ നിരക്കുകളാണ് 2018-19 മുതൽ ഈടാക്കുന്നത്. റേഷൻകടകൾ ലൈസൻസ് എടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.
- ഡേഞ്ചേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതിയുടെ മോട്ടോർ ഷെഡ്ഡിന് അധിക നിരക്ക് അനുവദിച്ചു

2017-18 ൽ നടപ്പാക്കിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ മോട്ടോർ ഷെഡ്ഡിന് അനുവദനീയമായതിനേക്കാൾ കൂടുതൽ തുക നൽകിയതായി കാണുന്നു. മോട്ടോർ ഷെഡ്ഡ് നിർമ്മാണത്തിന് വാട്ടർ അതോറിറ്റിയുടെ നിരക്കാണ് നിരീക്ഷണ ഡാറ്റയായി ഗ്രാമപഞ്ചായത്ത് ടെന്റർ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതു പ്രകാരം 1.5m X 1.5m വലുപ്പമുള്ള ഷെഡ്ഡിന് 29999.74 രൂപയും 2m X 2m വലുപ്പമുള്ള ഷെഡ്ഡിന് 35000 രൂപയുമാണ് അനുവദനീയമായ നിരക്ക്. എന്നാൽ 2m X 2m വലുപ്പമുള്ള ഷെഡ്ഡ് നിർമ്മിച്ചു എന്ന് എം. ബുക്കിൽ രേഖപ്പെടുത്തുകയും 35000 രൂപ അനുവദിക്കുകയും ചെയ്തു താഴെ പറയുന്ന കടിവെള്ള പദ്ധതികൾ 4.2.2019 ന് ഓവർസീയറുടെയും പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടറുടെയും സാന്നിദ്ധ്യത്തിൽ പ്രാദേശിക പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ 1.5m X 1.5m വലുപ്പമുള്ള ഷെഡ്ഡാണ് നിർമ്മിച്ചിട്ടുള്ളത് എന്ന് ബോധ്യമായി. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമനം. | പദ്ധതി വിവരം | കരാറുകാരൻ | മോട്ടോർ ഷെഡ്ഡിനു വേണ്ടി നൽകിയ | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|

| | | | തുക | | |
|---|---|---|---|---|---|
| 1 | ചെന്തക്കപ്പാടം കുടിവെള്ള പദ്ധതി<br>പ്രൊ.നം.- 101/18<br>ചെലവ്- 423548<br>ബിൽ നം: 75/17-18 /6.3.2018<br>MB നം:- 77/17-18 | ഉദയകുമാർ | 35000.00 | 30000 | 5000 |
| 2 | പ്രധാനി കുടിവെള്ള പദ്ധതി<br>പ്രൊ.നം:- 84/18<br>ചെലവ്:- 300000<br>ബിൽ നം:- 76/17-18 /6.3.2018<br>MB നം:- 75/17-18 | ഉദയകുമാർ | 35000 | 30000 | 5000 |
| 3 | കറുവപ്പാടം കുടിവെള്ള പദ്ധതി<br>പ്രൊ.നം:- 100/18 | ഉദയകുമാർ | 35000 | 30000 | 5000 |

| | | | | | |
|---|---|---|---|---|---|
| | ചെലവ്:- 374297<br><br>ബിൽ നം:- 77/17-18 /6.3.2018<br><br>MB നം:- 96/17-18 | | | | |
| 4 | കുന്നേങ്കാട് കുടിവെള്ള പദ്ധതി<br><br>പ്രൊ.നം:- 200/17, 239/18<br><br>ചെലവ്:- 350000<br><br>ബിൽ നം:- 24/17-18 /26.9.2017<br><br>MB നം:- 75/17-18 | രാമചന്ദ്രൻ.കെ.വി | 35000 | 30000 | 5000 |
| 5 | പൂക്കാട് കുടിവെള്ള പദ്ധതി<br><br>പ്രൊ.നം:- 203/17, 240/18<br><br>ചെലവ്:- 249911<br><br>ബിൽ നം:- 32/17-18 /10.11.2017 | പ്രവീൺകുമാർ | 35000 | 30000 | 5000 |

| | | | | | |
|---|---|---|---|---|---|
| | MB നം:- 21/17-18 | | | | |
| 6 | വാവുള്ളിയങ്കാട് കുടിവെള്ള പദ്ധതി<br>പ്രൊ.നം:- 103/18<br>ചെലവ്:- 269662<br>ബിൽ നം:- 104/17-18 /28.3.2018<br>MB നം:- 21/17-18 | വിനോദ്.സി.എം | 35000 | 30000 | 5000 |
| 7 | ശ്രീ നീരായണ കരിപ്പാലി കുടിവെള്ള പദ്ധതി<br>പ്രൊ.നം:- 75/18<br>ചെലവ്:- 461861<br>ബിൽ നം:- 102/17-18 /28.3.2018<br>MB നം:- 67/17-18 | പ്രവീൺകുമാർ.സി | 35000 | 30000 | 5000 |
| 8 | പാരിയോട് കുടിവെള്ള പദ്ധതി | ജയപ്രകാശ്.കെ | 35000 | 30000 | 5000 |

| | | | | | |
|---|---|---|---|---|---|
| | പ്രൊ.നം:- 105/18<br>ചെലവ്:- 333464<br>ബിൽ നം:- 101/17-18 /28.3.2018<br>MB നം:- 97/17-18 | | | | |
| 9 | കണ്യാർകുന്നം കുടിവെള്ള പദ്ധതി<br>പ്രൊ.നം:- 204/17, 241/18<br>ചെലവ്:- 199069<br>ബിൽ നം:- 33/17-18 /10.11.2017<br>MB നം:- 22/17-18 | പ്രവീൺകുമാർ.സി | 35000 | 30000 | 5000 |
| | ആകെ | | | | 45000 |

ഇതു സംബന്ധിച്ച നൽകിയ 22/17-18/5.2.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ ഒടുക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുക ലഭ്യമാക്കാത്തപക്ഷം ആയത് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല

പഞ്ചായത്തിലെ വിവിധ മരാമത്തു പ്രവൃത്തികൾക്കുവേണ്ടിയുള്ള ബിറ്റുമിൻ കരാറുകാർ സ്വന്തമായി വാങ്ങുന്നപക്ഷം ഒറിജിനൽ ബിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം വാങ്ങിയ ബിറ്റുമിൻ കരാറുകാരൻ ഏറ്റെടുത്ത വിവിധ പ്രവൃത്തികൾക്ക് മതിയായ അളവിലുണ്ടെന്ന് ഓരോ പ്രവൃത്തിയിലെയും ബിറ്റുമിൻ ആവശ്യകത രേഖപ്പെടുത്തി ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന വിവിധ പ്രവൃത്തികൾക്കായി ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി, പ്രൊ.നം. | അടങ്കൽ | ചെലവ് | കരാറു കാരൻ | VG-30 /S-65 (Kg) | RS-! (Kg) | SS-! (Kg) |
|---|---|---|---|---|---|---|---|
| 1 | ശ്രീരാമ കുട്ടക്കുഴി റോഡ് മെറ്റലിങ് &ടാറിങ്, 22/18 MB-89/17-18 | 600000 | 599863 ബിൽ നം -81 /17-18/ 6.3.18 | ഉണ്ണികൃഷ്ണൻ. ആർ | 2168.08 | 282.57 | 873.4 |
| 2 | ചെന്നക്കപ്പാടം ചോഴിയോട് ലിങ്ക് റോഡ് മെറ്റലിങ് &ടാറിങ്, 13/18 MB-69 /17-18 | 270000 | 270000 ബിൽ നം-82 /17-18 /6.3.18 | രാജാമണി. ആർ | 946.65 | 123.38 | 381.35 |
| 3 | പൊത്തപ്പാറ ചക്കുണ്ട് റോഡ് റീടാറിങ്, 243/18 ,MB-50 /17-18 | 400000 | 399904 ബിൽ നം-80 /17-18 /6.3.18 | രാജാമണി. ആർ | 3225.77 | 339.15 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | ഗാന്ധിനഗർ II സ്ട്രീറ്റ് റോഡ് റീടാറിങ്, 250/18, MB-72 /17-18 | 100000 | 99576 ബിൽ നം -73/17-18 /6.3.18 | രാജാമണി. ആർ | 822.70 | 86.96 | 0 |
| 5 | പാളയംതറ റോഡ് റീടാറിങ്, 46/18 MB-105 /17-18 | 500000 | 499741 ബിൽ നം -71/17-18/ 27.2.18 | ബിജു.എം .മാത്യു | 3973.09 | 412.38 | 0 |
| 6 | തേനിട്ടുക്ക് ചടച്ചിങ്കൽ പള്ളിയാൽ റോഡ് റീടാറിങ്, 56/18 1MB-06 /17-18 | 800000 | 762578 ബിൽ നം-55 /17-18/ 22.2.18 | ബിജു.എം. മാത്യു | 5859.42 | 621.52 | 0 |
| 7 | മലബാർക്ലബ്ബ് കണ്യാർകന്നം റോഡ് റീടാറിങ്, 59/18 MB-84 /17-18 | 150000 | 148628 ബിൽ നം-58 /17-18/ 22.2.18 | ബിജു.എം. മാത്യു | 1201.05 | 127.87 | 0 |
| 8 | കള്ളിയങ്കാട് ചോഴിയങ്കോട് കോളനി റോഡ് റീടാറിങ്, | 935000 | 934750 ബിൽ നം- 59/17-18 /22.2.2018 | ബിജു.എം .മാത്യു | 7593.85 | 845.63 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 39/18,MB-82/17-18, 116/17-18 | | | | | | |
| 9 | ചീറമ്പക്കാവ് വടക്കേത്തറ കോളനി<br>റോഡ് റീടാറിങ്,<br>27/18,MB-88/17-18 | 210000 | 210000 ബിൽ നം-62 /17-18 /27.2.2018 | ഉണ്ണികൃഷ്ണൻ. ആർ | 1689.65 | 185.63 | 0 |
| 10 | നെല്ലിയാംപാടം ചെറുകണ്ണമ്പ്ര റോഡ് റീടാറിങ്,<br>36/18,MB-112/17-18 | 750000 | 749189<br>ബിൽ നം-61 /17-18 /27.2.2018 | ഉണ്ണികൃഷ്ണൻ. ആർ | 5812.07 | 635.53 | 0 |
| 11 | മുളന്തനോട് പരുവശ്ശേരി റോഡ് റീടാറിങ്,<br>35/18, MB-91 /17-18 | 80000 | 80000<br>ബിൽ നം-63 /17-18 /27.2.2018 | ഉണ്ണികൃഷ്ണൻ. ആർ | 656.81 | 73.01 | 0 |
| 12 | ചെറുകുളം മാണിക്കപ്പാടം റോഡ് റീടാറിങ്,<br>50/18, MB-90/18 | 750000 | 749785<br>ബിൽ നം-64 /17-18 /27.2.2018 | ഉണ്ണികൃഷ്ണൻ. ആർ | 5633.12 | 563.05 | 0 |
| 13 | PWD നായ്ക്കത്തറ അഞ്ചുമൂർത്തി | 650000 | 648155<br>ബിൽ | രാമചന്ദ്രൻ കെ.എ | 2984.20 | 363.04 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | മംഗലം മെറ്റലിങ്ങ് & ടാറിങ്, 70/18,MB-104/17-18 | | നം-65 /17-18 /27.2.2018 | | | | |
| | ആകെ തുക | | 6152169 | | | | |

ഇത് സംബന്ധിച്ച് നൽകിയ 23/17-18/6.2.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ എല്ലാ പ്രവൃത്തികൾക്കും കൂടി കരാറുകാരൻ ഒരുമിച്ചാണ് ബിറ്റുമിൻ വാങ്ങുന്നതെന്നും ഇവയുടെ പകർപ്പ് ഫയലിൽ സൂക്ഷിക്കാൻ വിട്ടുപോയതാണെന്നും അവ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വാങ്ങിയ ബിറ്റുമിൻ ഏതെല്ലാം പ്രവൃത്തികൾക്കുവേണ്ടി എത്ര അളവ് വീതം ഉപയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന വിധത്തിൽ ബില്ലിന്റെ പകർപ്പിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവ് ചെയ്ത 6152169/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 <u>പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ കോളനിക്കു പുറത്ത് നിർവ്വഹിച്ചു</u>

പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ കോളനിക്കുള്ളിൽ മാത്രമേ നിർവ്വഹിക്കാൻ പാടുള്ളു എന്ന് 12-ാം പഞ്ചവത്സര പദ്ധതിയിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി ഉത്തരവ് നം.72/2017/ത.സ്വ.ഭ.വ തീ.29.3.2017 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ ഭൂരിപക്ഷവും കോളനിക്കു പുറത്താണെന്ന് 4.2.2019 ന് എൽ.എസ്.ജി.ഡി ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യമായി. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | ചേരുംകോട് കോളനി കല്ലുങ്കാട് റോഡ് പുനരുദ്ധാരണം | മൂച്ചിത്തൊടി കോളനി റോഡ് റീടാറിങ് |
|---|---|---|
| പ്രൊജക്റ്റ് നം | 86/17, 195/18 | 32/18 |

| | | |
|---|---|---|
| അടങ്കൽ | 710000 | 225000 |
| ചെലവ് | 679992 (509299+170693) | 224522 |
| ബിൽ നം | 20/17-18/30.06.2017 | 46/17-18/16.01.2018 |
| കരാറുകാരൻ | യേശുദാസൻ,വി.ഡി | രാമചന്ദ്രൻ.കെ.എ |
| എം.ബുക്ക് നം. | 12/17-18 | 35/17-18 |

ചേരുംക്കോട് കോളനി കല്ലങ്കാട് റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തി കോളനിക്കു പുറത്തുള്ളതും കല്ലങ്കാട് എന്ന സ്ഥലത്തേക്കുള്ളതുമായ റോഡിലാണ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യമായി.

ഇതു സംബന്ധിച്ച നൽകിയ 20/17-18/5.2.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ഫീസിബിലിറ്റിയുടെ അടിസ്ഥാനത്തിലാണ് പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ചിട്ടുള്ളതെന്നും മേലിൽ സ്ഥലപരിശോധന നടത്തി കോളനിക്കകത്താണ് പ്രവൃത്തി നടത്തുന്നത് എന്ന് ഉറപ്പു വരുത്തിയശേഷം മാത്രമേ നിർവ്വഹണം നടത്തുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.

ഇത്തരം അപാകതകൾ ആവർത്തിക്കുന്നപക്ഷം ചെലവു തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 3-4 കെട്ടിട നവീകരണം- പരാമർശത്തെ തുടർന്ന് തുക ഒടുക്കി

ചാമപ്പറമ്പ് വൃദ്ധ വിശ്രമകേന്ദ്രം നവീകരണം എന്ന പ്രവൃത്തിക്കുവേണ്ടി ഇനം നം.1 പ്രകാരം ജനലുകളും വാതിലുകളുമായി 7 എണ്ണം നീക്കം ചെയ്തതിന് 192 രൂപ നിരക്കിൽ 1344 രൂപ അനുവദിച്ചിട്ടുണ്ട്.

നെല്ലിയാം പാടം അങ്കണവാടി കെട്ടിടം നവീകരണം എന്ന പ്രവൃത്തിക്കുവേണ്ടി ഇനം നം.1 പ്രകാരം വാതിലുകൾ 6 എണ്ണം നീക്കം ചെയ്തതിന് 221.31 രൂപ നിരക്കിൽ

1327.86 രൂപ അനുവദിച്ചിട്ടുണ്ട്.

എന്നാൽ മേൽ ഉരുപ്പടികൾ പഞ്ചായത്തിൽ ഏല്പിക്കുകയോ ലേലം ചെയ്ത് ഒഴിവാക്കുകയോ ചെയ്തിട്ടില്ല. വിശദവിവരം താഴെകൊടുക്കുന്നു.

| പ്രവൃത്തി | ചാമപ്പറമ്പ് വൃദ്ധ വിശ്രമകേന്ദ്രം നവീകരണം | നെല്ലിയാംപാടം അങ്കണവാടി കെട്ടിടം നവീകരണം |
|---|---|---|
| പ്രൊജക്ട് നം | 162/17, 227/18 | 150/18 |
| അടങ്കൽ | 612400 | 300000 |
| ചെലവ് | 612400 | 299591 |
| ബിൽ നം | 21/17-18/20.07.2017 | 53/17-18 /14.01.2018 |
| കരാറുകാരൻ | രാജപ്പൻ.കെ | രാജൻ.കെ.വി |
| എം.ബുക്ക് നം. | 15/17-18 | 42/17-18 |

ഇതു സംബന്ധിച്ച നൽകിയ 20/17-18/5.2.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് മര ഉരുപ്പടികൾ ചിതലരിച്ച് വിറകിനു മാത്രം ഉപയോഗിക്കാൻ പറ്റുന്നവയാണെന്ന് മറുപടി നൽകുകയും വിറകിന്റെ തൂക്കത്തിനനുസരിച്ചുള്ള വിലയായ 1490 രൂപയും GST- 178 രൂപയും രശീതി നമ്പർ 9485830/7.2.2019 പ്രകാരം കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

# 3-5 മോട്ടോറിന് 18135/HP നിരക്ക് അനുവദിക്കുന്നത്

പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ എല്ലാ കുടിവെള്ളപദ്ധതികളിലും മോട്ടോറുകൾ സ്ഥാപിക്കുന്നതിന് 18135 രൂപ/HP നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇവ തയ്യാറാക്കുന്നതിന് വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറുടെ 20.12.2011 ലെ KWA/HO/SP/333/2011/Pumps ഉത്തരവുപ്രകാരമുള്ള നിരക്കാണ് സ്വീകരിച്ചിട്ടുള്ളത്. മേൽ ഉത്തരവ് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പ്രവൃത്തികൾക്കുവേണ്ടി പുറപ്പെടുവിച്ച ഉത്തരവാണ്. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾക്ക് ബാധകമല്ല.

കുഴൽകിണറിലെ ജലലഭ്യതാ ടെസ്റ്റ് ( യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് അതിനനുസൃതമായ സ്റ്റേജുള്ള മോട്ടോറാണ് സ്ഥാപിക്കേണ്ടത്. സ്റ്റേജിനനുസരിച്ച് മോട്ടോറിന്റെ വിലയിൽ വ്യക്തമായ വ്യത്യാസം ഉള്ളതിനാൽ ആവശ്യമായ മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വില പരിഗണിച്ചുകൊണ്ടുമാത്രമേ കരാറുകാർക്ക് തുക അനുവദിക്കാൻ പാടുള്ളൂ എന്നിരിക്കെ എല്ലാ കുടിവെള്ള പദ്ധതികളിലും സബ്മേഴ്സിബിൾ മോട്ടോറും അനുബന്ധ സാമഗ്രികളും സ്ഥാപിക്കാൻ 18135/HP നിരക്ക്അനുവദിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | കിണറിന്റെ ആഴം | മോട്ടോറിന്റെ പവ്വർ | അനുവദിച്ച തുക |
|---|---|---|---|---|
| 1 | ചെന്തക്കപ്പാടം കുടിവെള്ള പദ്ധതി പ്രൊ.നം.-101/18 | 136 m | 7.5 HP | 136013 |
| 2 | പ്രധാനി കുടിവെള്ള പദ്ധതി (84/18) | 126 m | 7.5HP | 136013 |
| 3 | കുറുവപ്പാടം കുടിവെള്ള പദ്ധതി (100/18) | 172 m | 7.5 HP | 136013 |
| 4 | കുന്നേങ്കാട് കുടിവെള്ള പദ്ധതി ( 200/18) | 124.5m | 7.5HP | 136013 |
| 5 | പൂക്കാട് കുടിവെള്ള പദ്ധതി(240/18) | 134 m | 7.5 HP | 136013 |

ഇതു സംബന്ധിച്ച് നൽകിയ 23/17-18/6.2.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-6 ടെന്റർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കുവേണ്ടിയുള്ള ടെന്റർ ഫോറങ്ങൾ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവയുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ടെന്റർ ഫോറങ്ങളുടെ

സ്റ്റോക്ക് രേഖപ്പെടുത്താൻ അസി.എഞ്ചിനീയറുടെ ഓഫീസിൽ രജിസ്ററർ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും അവ കൃത്യമാക്കിയിട്ടില്ല.

അസി.എഞ്ചിനീയർ സൂക്ഷിക്കുന്ന ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്ററിലെ 2017-18 ലെ വിവരങ്ങൾ

മുന്നിരിപ്പ് - 38

തൻവർഷം- 250

ആകെ- 288

വിതരണം - 148

ബാക്കി- 140

അസി.എഞ്ചിനീയർ സൂക്ഷിക്കുന്ന രശീതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 152 ടെണ്ടർ ഫോറങ്ങൾ വിവിധ കരാറുകാർക്ക് വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 2018-19 ൽ പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോറങ്ങൾ അസി.എഞ്ചിനീയർക്ക് വിതരണം ചെയ്തിട്ടില്ല. എന്നാൽ 140എണ്ണം ടെണ്ടർ ഫോറങ്ങൾ അവശേഷിക്കുന്നു എന്ന് സ്റ്റോക്കിൽ രേഖപ്പെടുത്തിയിരിക്കെ 16.01.2019 വരെ 145 എണ്ണം കൂടി വിതരണംചെയ്തതായി രശീതി പുസ്തകം പരിശോധിച്ചതിൽ നിന്നും ബോധ്യമായിട്ടുണ്ട്. സ്റ്റോക്കിൽ ഉള്ളതിനേക്കാൾ കൂടുതൽ ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നത്.

നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെണ്ടർ ഫോറത്തിന് 2500 രൂപ വരെ വിലയുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി വെക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഇതു സംബന്ധിച്ച നൽകിയ 20/17-18/5.2.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ നിലവിലുള്ള ടെണ്ടർ ഫോറത്തിന്റെ കണക്കുകൾ ആധാരമാക്കി രജിസ്റ്റർ കൃത്യമാക്കി വെക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ടെണ്ടർ ഫോറങ്ങൾ രേഖാമൂലം മാത്രം സെക്രട്ടറിയിൽ നിന്നും ആവശ്യപ്പെടേണ്ടതും

ലഭിക്കുന്ന ടെന്റർ ഫോറത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ കൃത്യമാക്കേണ്ടതുമാണ്.

## 3-7 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(139/18) - അർഹമായ വിഹിതം വകയിരുത്തിയില്ല.

| | |
|---|---|
| പദ്ധതി | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(139/18) |
| അടങ്കൽ | 1190000/- (840000(പ്ലാൻ), 250000(ബ്ലോക്ക് വിഹിതം), 100000 ( ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 1190000/- |
| നിർവഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ഓരോ ലിറ്റർ പാലിനും 3 രൂപ വിതം 2017 ഏപ്രിൽ മുതൽ 2018 മാർച്ച് 31 വരെ ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ 2017 ഏപ്രിൽ മുതൽ സെപ്തംബർ മാസങ്ങളിൽ മാത്രമാണ് ഇൻസെന്റീവ് നൽകിയിരിക്കുന്നത്. അർഹമായ ഇൻസെന്റീവ് ക്ഷീരകർഷകർക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പ്രകാരം പഞ്ചായത്തിലെ ആകെ 5 ക്ഷീരസംഘങ്ങളിലായി 260 ക്ഷീരകർഷകർക്കാണ് ഇൻസെന്റീവ് അനുവദിച്ചിരിക്കുന്നത്. വിവിധ മാസങ്ങളിൽ അനുവദിച്ച ഇൻസെന്റീവ് നിരക്ക് താഴെ കൊടുക്കുന്നു.

| ക്ഷീരോല്പാദക സഹകരണ സംഘം | ഗുണഭോക്താക്കൾ | അളന്ന പാൽ | സബ്സിഡി |
|---|---|---|---|
| അഞ്ചുമൂർത്തി | 161 | 168550 | 488966 |
| പള്ളിയാർ | 46 | 60575 | 181725 |
| വടക്കഞ്ചേരി | 69 | 77655 | 232965 |
| കണക്കൻ തുരുത്തി | 47 | 51296 | 153888 |
| പൊത്തപ്പാറ | 53 | 44325 | 132975 |

13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. ക്ഷീരോൽപാദനം പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടിയാണ് ബോണസ് എന്ന രീതിയിൽ സർക്കാർ

സബ്സിഡിമാർഗരേഖയിൽ ഇത് ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്നാൽ ഈ പദ്ധതി പ്രകാരം അർഹമായതിലും കുറഞ്ഞ നിരക്കിലാണ് കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. ക്ഷീര കർഷകർക്ക് പാൽ ഉൽപാദനത്തിന് ഇൻസെന്റീവ് അർഹമായത് മുഴുവൻ വർഷത്തേക്ക് നൽകുന്നതിനാവശ്യമായ തുക പദ്ധതിയിൽ വകയിരുത്തിയിട്ടില്ല.

ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും, അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യാതിരുന്നതിനാലാണ് ഭാഗികമായി മാത്രം ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വിലയിരുത്തുന്നു.

വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതിയുടെ ലക്ഷ്യപ്രാപ്തി വിലയിരുത്തിയിട്ടില്ലെന്ന് മിനിറ്റ്സ് പരിശോധിച്ചതിൽ കണ്ടെത്തി. മോണിറ്ററിംഗ് കാര്യക്ഷമമാക്കി ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും കാര്യക്ഷമമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.11/ 4.2.2019 നൽകിയതിന് വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ കൈകൊള്ളുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. പദ്ധതിയുടെ ജില്ലാ(26.3.2018),ബ്ലോക്ക്(20.3.2018) വിഹിതം നിർവഹണ ഉദ്യോഗസ്ഥന് ചെക്കായി പഞ്ചായത്തിൽ നിന്ന് നൽകിയിട്ടുണ്ട്. ടി തുകകൾ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലുള്ള Special Treasury Savings Bank A/C No.714031400000091 ൽ വരവ് വച്ച് ചെലവ് ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.11/19/ 4.2.2019 നുള്ള മറുപടിയിൽ പറയുന്നത് ആലത്തൂർ സബ് ട്രഷറിയൽ ചെക്കുകളും, ഗുണഭോക്താക്കളുടെ പട്ടികയും നൽകി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ധനസഹായ തുക ക്രഡിറ്റ് ചെയ്യുകയാണ് ഉണ്ടായത് എന്നാണ്.

വിവധ പദ്ധതികൾ പ്രകാരം തുകകൾ ലഭിക്കുന്നതും, ചെലവഴിക്കുന്നതും സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ രേഖപ്പെടുത്തികൊണ്ട് തന്നെ ചെയ്യുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## **3-8** പട്ടികജാതി പെൺകുട്ടികൾക്ക്

# വിവാഹധനസഹായം- സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച് തുക നൽകി

സ.ഉ(എം.എസ്)നം.80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.5 പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് വരുമാനപരിധി 200000 രൂപയ്ക്ക് വിധേയമായി 75000 രൂപ ധനസഹായം നൽകാവുന്നതാണ്.വിവാഹത്തിന് 15 ദിവസം മുൻപോ, 180ദിവസത്തിനകമോ അപേക്ഷ നൽകാമെങ്കിലും വിവാഹം നടന്ന വർഷത്തിൽ നിലവിലുള്ള ധനസഹായത്തിനാണ് അർഹതയുള്ളത്.2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സാമ്പത്തികാനുകൂല്യങ്ങൾക്ക് ഉത്തരവ് നിലവിൽ വന്ന 03.04.2017മുതലാണ് പ്രാബല്യമുള്ളത്. എന്നാൽ 2016-17 വർഷത്തിൽ വിവാഹിതരാവുകയും പ്രസ്തുത വർഷത്തിൽ ധനസഹായത്തിന് അപേക്ഷ നൽകുകയും ചെയ്തിട്ടുള്ള ഗുണഭോക്താക്കൾക്ക് 2016-17ൽ ധനസഹായം നൽകാതെ (2016-17ലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം 50000 രൂപയാണ് ധനസഹായ തുക) 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള ധനസഹായം 75000 രൂപ നൽകിയിട്ടുണ്ട്.2016-17ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്ട് നം 151/16-17 1000000രൂപ വകയിരുത്തുകയും 20 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം നൽകുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ഗുണഭോക്താൾ 2016-17 വർഷത്തിൽ ഉണ്ടായിരുന്നുവെങ്കിൽ പ്രെജക്ടിൽ കൂടുതൽ തുക ഉൾപ്പെടുത്തി ഭേദഗതി ചെയ്യുകയോ, 2017-18 വർഷത്തിൽ സ്പിൽ ഓവർ ആയി പ്രൊജക്ട് നടപ്പിലാക്കുകയോ ചെയ്യാമായിരുന്നു .

പ്രോജക്ടിന്റെ പേര് - എസ് സി വിവാഹധനസഹായം

പ്രോജക്ട് നമ്പർ - 72/17-18

അടങ്കൽ - 1500000 (വികസന ഫണ്ട്)

ചെലവ് - 1500000

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നമ്പർ - 16/17-18 തിയതി 30.10.17

തുക - 900000

ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | അപേക്ഷ സമർപ്പിച്ച തിയ്യതി | വിവാഹം നടന്നത് | കൈപ്പറ്റിയ തുക | അർഹതയുള്ളത് | അധികം നൽകിയത് | അക്കൗണ്ട് നം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | സുദേവൻ പൂളക്കൽ പറമ്പ് വടക്കഞ്ചേരി (മകൾ സിഞ്ചു എസ്) | 22.12.16 | 15.09.16 | 75000 | 50000 | 25000 | 446122 00003559 |
| 2 | കൃഷ്ണൻ പരുവാശ്ശേരി, വടക്കഞ്ചേരി (മകൾ തുളസി) | 16.02.17 | 29.01.17 | 75000 | 50000 | 25000 | 402761 00200050 |
| 3 | രാമചന്ദ്രൻ പുളിക്കത്തടം, ചല്ലിപറമ്പ് പരുവാശ്ശേരി (മകൾ രമ്യ) | 22.06.17 | 20.11.16 | 75000 | 50000 | 25000 | 52010 1249480 |
| | ആകെ | | | 225000 | 150000 | 75000 | |

സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.3ൽ സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുരുപയോഗമായി കണക്കാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക ധനസഹായം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിവാഹ തിയ്യതി സംബന്ധിച്ച് സബ്സിഡി മാർഗരേഖയിൽ പരാമർശമില്ലാത്തതിനാലാണ് ധനസഹായം 75000/- രൂപ വീതം മേൽ ഗുണഭോക്താക്കൾക്ക് നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ 75000/- രൂപ (25000*3= 75000) ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 3-9 ഇ-ടെണ്ടർ രീതി അവലംബിച്ചിട്ടില്ല.

സർക്കാർ ഉത്തരവ്(ആർ.ടി) നം.1288/2015/LSGD dt.30.04.15, GO(P) 524/2015/fin dt.17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവും അതിന് മുകളിലുള്ള എല്ലാ പ്രവർത്തികളും ഇ-ടെണ്ടർ മുഖാന്തിരം മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയത്.

| ക്രമ നം | പ്രൊജക്ട് | അടങ്കൽ | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | കരാറുകാരൻ | ചെലവ് |
|---|---|---|---|---|---|
| 1 | 113/17-18 കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ അറ്റകുറ്റപണി (എ എം സി) | 1500000 (തനതുഫണ്ട്) | 2 | കെ.ഉദയകുമാർ | 939170 |
| 2 | 117/17-18 കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികൾക്ക് മെറ്റീരിയൽ സപ്ലൈ, ഇലക്ട്രിക്കൽ മെയിന്റനൻസ് (എ എം സി) | 2000000 തനതുഫണ്ട്) | 2 | കെ.വി. രാമചന്ദ്രൻ | 698384 |
| 3 | 119/17-18 തെരുവുവിളക്ക്, ഹൈമാസ്റ്റ് ലൈറ്റ് പരിപാലനം (എ എം സി) | 2000000 തനതുഫണ്ട്) | 2 | നൈസ് ഇലക്ട്രിക്കൽസ് | 988169 |
| 4 | 163/17-18 കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികൾക്ക് മെറ്റീരിയൽ സപ്ലൈ, | 1285014 തനതുഫണ്ട്) | 2 | കെ.വി. രാമചന്ദ്രൻ | 12123 |

| | | | | | |
|---|---|---|---|---|---|
| | ഇലക്ട്രിക്കൽ മെയിന്റനൻസ് (എ എം സി) | | | | |

മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് ഇ-ടെണ്ടർ അവലംബിക്കാത്തതു മൂലം കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കാനുള്ള സാധ്യതയും, സാമ്പത്തിക ലാഭവും ഇല്ലാതായി. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/04.02.19) മറുപടി നൽകിയിട്ടില്ല. ഭാവിയിൽ പ്രൊക്യർമെന്റ് മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് ടെണ്ടർ പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്.

## 3-10 കരാറുകാരനിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയില്ല

കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്ട് 1989 സെക്ഷൻ 8(2), സർക്കുലർ നം.2173/C3/97/ത.സ്വ.ഭ.വ. തീ.18.03.97 എന്നിവ പ്രകാരം ലേബർ ഘടകം ഉൾപ്പെട്ടിട്ടുള്ള എല്ലാ കരാറുകളിൽ നിന്നും കരാർ തുകയുടെ 1% തുക ബില്ലിൽ നിന്നും കുറവുവരുത്തി KCWWF ൽ അടവാക്കേണ്ടതാണ്. ബില്ലിൽനിന്നും ആദായനികുതി, വാറ്റ് (30.06.2010 വരെയുള്ള പ്രവൃത്തികൾക്ക്)എന്നിവ കുറവ് ചെയ്തിട്ടുണ്ടെങ്കിലും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കാതെയാണ് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവർത്തികൾക്ക് തുക നൽകിയിരിക്കുന്നത്.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | വൗച്ചർ നം | ആകെ പ്രവൃത്തി മൂല്യം | ഈടാ ക്കേണ്ട തുക |
|---|---|---|---|---|---|
| 1 | 113/17-18 കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ അറ്റകുറ്റപണി (എ എം സി) | കെ.ഉദയകുമാർ | 1)21700995 /28.11.17<br>2)21701314 /14.02.18 | 402406<br>536764<br>939170 | 4024<br>5368<br>9392 |
| 2 | 117/17-18 കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികൾക്ക് മെറ്റീരിയൽ സപ്ലൈ, | കെ വി രാമചന്ദ്രൻ | 1)21701164 /01.01.18<br>2)21701644 /24.03.18 | 280416<br>417968<br>698384 | 2804<br>4180<br>6984 |

| | | | | | |
|---|---|---|---|---|---|
| | ഇലക്ട്രിക്കൽ മെയിന്റനൻസ് (എ എം സി) | | | | |
| 3 | 119/17-18 തെരുവുവിളക്ക് ,ഹൈമാസ്റ്റ് ലൈറ്റ് പരിപാലനം (എ എം സി) | നൈസ് ഇലക്ട്രിക്കൽസ് | 1)21700838 /30.10.17 2)21701316 /14.02.18 | 489560 498609 988169 | 4896 4986 9882 |
| 4 | 163/17-18 കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികൾക്ക് മെറ്റീരിയൽ സപ്ലൈ, ഇലക്ട്രിക്കൽ മെയിന്റനൻസ് (എ എം സി) | കെ.വി. രാമചന്ദ്രൻ | 21700839 /30.10.17 | 348732 | 3487 |
| | | | ആകെ | | 29745 |

കരാർ പ്രവൃത്തികളുടെ തുക നൽകുമ്പോൾ പ്രസ്തുത ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട തൊഴിലാളി ക്ഷേമനിധി വിഹിതം കുറവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/04.02.19) പ്രസ്തുത പദ്ധതികളിൽ നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാലാണ് തൊഴിലാളി ക്ഷേമനിധി വിഹിതം കുറവാക്കാതെ തുക നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ ഈടാക്കേണ്ട 29745/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-11** സീനിയർ വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ

സീനിയർ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി കന്നുകുട്ടി പരിപാലനം പദ്ധതി(7/18) പ്രകാരം 400000/-രൂപ Asst.Director (AH), CFSP,പാലക്കാട് -ന് നൽകിയിട്ടുണ്ട് (64 കന്നു കുട്ടികൾക്ക് @6250/ രൂപ പ്രകാരം). പദ്ധതികാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2013-14, 14-15, 15-16 സാമ്പത്തിക വർഷങ്ങളിൽ കന്നുകുട്ടി പരിപാലനം

പദ്ധതിക്കുവേണ്ടി പഞ്ചായത്ത് വിഹിതം Asst.Director (AH), CFSP,പാലക്കാട് -ന് നൽകിയ തുക. ഓരോ വർഷവും ഈ പദ്ധതിയിൽ ഉണ്ടായിരുന്ന പശുകുട്ടികളുടെ എണ്ണം, ഒരെണ്ണത്തിന് പഞ്ചായത്ത് നല്കിയ വിഹിതം, ഓരോ വർഷത്തേക്കും അടവാക്കിയ തുകയിൽ ഉപയോഗിച്ചിട്ടുള്ള തുക, ബാക്കി തുക എന്നിവയുടെ വിശദവിവരവും, അവശേഷിക്കുന്ന തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ അവയുടെ വിവരവും ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം.3/31.1.2019 നൽകിയിരുന്നു. സീനിയർ വെറ്ററിനറി സർജൻ മറുപടി ലഭ്യമാക്കിയതിൽ 2013-14, 14-15, 15-16 സാമ്പത്തിക വർഷങ്ങളിൽ കന്നുകുട്ടി പരിപാലനം പദ്ധതിക്കുവേണ്ടി പഞ്ചായത്ത് വിഹിതം 400000/-രൂപ(64 പശുകുട്ടികൾക്കായി) നൽകിയിട്ടുണ്ട് എന്നും, നിലവിൽ വിവരങ്ങൾ ലഭ്യമല്ല എന്നും വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് Asst.Director (AH), CFSP,പാലക്കാട് -ന് കത്ത് നൽകിയിട്ടുണ്ട് എന്നുമാണ് പറയുന്നത്.

മേൽ വിവരങ്ങൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-12 തെരുവ് വിളക്കുകളുടെ പരിപാലനം

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിന് തെരുവു വിളക്കുകളുടെ പരിപാലനത്തിനായി തുക ചെലവഴിക്കേണ്ടത് അനിവാര്യമാണ്.

വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള ശ്രമങ്ങൾ എത്രത്തോളം ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

വൈദ്യുതി ബോർഡിന്റെ 25.5.2017 ലെ വെരിഫിക്കേഷൻ റിപ്പോർട്ട് അനുസരിച്ചുള്ള തെരുവുവിളക്കുകളുടെ എണ്ണവും പ്രതിമാസ വൈദ്യുതി ചാർജ്ജും (മീറ്റർ സ്ഥാപിക്കാത്തതിന്റെ) താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ആകെ | മീറ്ററിംഗ് ഏർപ്പെട്ടുത്തിയത് | മീറ്ററിംഗ് ഏർപ്പെട്ടുത്താത്തത് | നിരക്ക് | വൈദ്യുതി ചാർജ് |
|---|---|---|---|---|---|---|
| 1 | സാധാരണ ലാമ്പ് - 60 W | 530 | 90 | 440 | 102 | 44880 |
| 2 | ഡബിൾ റ്റ്യൂബ് 2*40 W | 1135 | 267 | 868 | 134 | 116312 |
| 3 | സോഡിയം വേപ്പർ ലാമ്പ്- 250 W | 40 | 13 | 27 | 447 | 12069 |
| 4 | സി.എഫ്.എൽ -22 W | 171 | 71 | 100 | 26 | 2600 |
| 5 | എൽ ഇ ഡി | 2 | 0 | 2 | 35 | 70 |
| മീറ്ററിംഗ് ഏർപ്പെട്ടുത്താതിന്റെ പ്രതിമാസ വൈദ്യുതി ചാർജ്. | | | | | | 175931/- |

മീറ്റർ സ്ഥാപിച്ചതും, സ്ഥാപിക്കാത്തതും, രണ്ട് ഹൈമാസ്സ് ലൈറ്റുകളുടെതും ഉൾപ്പെടെ പ്രതിവർഷം ശരാശരി 26 ലക്ഷം വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കേണ്ടിവരുന്നുണ്ട്.

ബി. സാധാരണ ലാമ്പുകൾ ഒഴിവാക്കി ചാർജ്ജ് ക്രമീകരിക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം

മീറ്ററിംഗിനു കീഴിലല്ലാത്ത 60 വാട്ടിന്റെ 440 സാധാരണ ലാമ്പുകൾക്ക് പ്രതിമാസം 44880 രൂപ വൈദ്യുതി ബോർഡ് ഈടാക്കുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ കണക്കിലെ കൃത്യത പരിശോധിച്ച് യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന ലാമ്പുകൾക്ക് മാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടില്ല. ഊർജ്ജ ഉപഭോഗം കൂടുതലും ആയുസ്സും വെളിച്ചവും കുറവുള്ള ഇത്തരം ലാമ്പുകൾക്കു പകരം ഉയർന്ന കാര്യക്ഷമതയുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി. മീറ്റർ സ്ഥാപിക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം

ആദ്യഘട്ടത്തിൽ 18 മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ സ്ട്രീറ്റ് മെയിനുകളിലും മീറ്റർ സ്ഥാപിക്കുന്നതിനായി 2016-17 വർഷത്തിൽ 583000 രൂപ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. 73 മീറ്ററുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക |
|---|---|---|
| 142/17-തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 1320/15-2-2017 (തനത് ഫണ്ട്) | 392200 |
| 228/15-തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 28/28-2-2017 | 190800 |
| ആകെ | | 583000 |

നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. എല്ലാ ലാമ്പുകളേയും മീറ്ററിംഗിനു കീഴിൽ കൊണ്ടു വരുന്നതോടെ നിലവിലില്ലാത്തതും ഉപയോഗയോഗ്യമല്ലാത്തതുമായ ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കേണ്ടിവരുന്നത് ഒഴിവാകുന്നതാണ്.

ഡി. തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

സാധന സാമഗ്രികൾ വാങ്ങുവാനും അറ്റകുറ്റപണികൾക്കുമായി തൻവർഷം തനതുഫണ്ടിൽ നിന്നും 1418569/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | ചെലവ് |
|---|---|---|
| 1 | 119/18 | 988169 |
| 2 | 168/18(സ്പിൽ ഓവർ) | 430400 |
| ആകെ | | 1418569 |

അറ്റകുറ്റപണി ഏറ്റെടുത്ത കരാറുകാരൻ ഹാജരാക്കുന്ന കണക്കുകളിലെ കൃത്യത പരിശോധിച്ച് ഉറപ്പാക്കിയതിനു ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്. തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കണക്ക് ഇല്ലാത്തതിനാൽ ഒരേ പോസ്റ്റിൽ ഒന്നിൽ കൂടുതൽ തവണ റിപ്പയർ പ്രവൃത്തി നടത്തേണ്ടി വരുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിക്കാത്ത സ്ഥിതിയാണുള്ളത്.

ഇ. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്

ഊർജ്ജ ഉപഭോഗം കൂടുതലുള്ള തെരുവു വിളക്കുകളെല്ലാം എൽ.ഇ.ഡി ലാമ്പുകൾ ആക്കുകയാണെങ്കിൽ താഴെ പറയും പ്രകാരം ബിൽ തുക ക്രമീകരിക്കാവുന്നതാണ്.

24 വാട്ടിന്റെ എൽ.ഇ.ഡി ലാമ്പിന്റെ പ്രതിമാസ നിരക്ക്

35 രൂപ

മീറ്ററിനു കീഴിലല്ലാത്ത ലാമ്പുകളുടെ എണ്ണം

1437എണ്ണം. ഇവയിൽ 440 എണ്ണം 60 w സാധാരണ ബൾബും 868 എണ്ണം 40 w ന്റെ ഡബിൾ ട്യൂബും ആണ് നിലവിലുള്ളത്. ഇവയ്ക്കുവേണ്ടി നൽകുന്ന തുക 161192 രൂപയാണ് (44880+ 116312). ഇപ്രകാരമുള്ള രണ്ടുതരം വിളക്കുകൾ മാറ്റി 24 w LED സ്ഥാപിക്കുന്നപക്ഷം ഇവയുടെ വൈദ്യുത ചാർജ്ജ് 45780 മാത്രമാണ് ഒടുക്കേണ്ടിവരുന്നത്. അതായത് പ്രതിമാസം 115412 (161192 - 45780) രൂപയുടെ ചെലവു കുറയ്ക്കാൻ കഴിയുന്നതാണ്

എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിലൂടെ വൈദ്യുതി ചാർജ്ജിനത്തിൽ കുറഞ്ഞത് 70 ശതമാനത്തോളം കുറവ് പ്രതീക്ഷിക്കാവുന്നതാണ്. എല്ലാ ലാമ്പുകളേയും മീറ്ററിംഗിന് കീഴിൽ കൊണ്ടുവരുന്നതോടെ കൂടുതൽ നേട്ടം ഉണ്ടാകുന്നതാണ്.

എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. പുതിയ ലാമ്പുകൾക്ക് കുറഞ്ഞത് മൂന്ന് വർഷത്തെ വാറണ്ടിയും ഉറപ്പാക്കാവുന്നതാണ്. പരിപാലനച്ചെലവിനത്തിലും ഗണ്യമായി കുറവ് വരുന്നതാണ്.

എഫ്. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ വാർഡ് അടിസ്ഥാനത്തിലുള്ള കൃത്യമായ വിവരം ശേഖരിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തി കാലികമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. നിലിവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് തുക ഈടാക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

4. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ വാങ്ങുന്നതിലെ കൃത്യത ഉറപ്പാക്കേണ്ടതാണ്. പഴയ സാമഗ്രികളുടെ വില ഉറപ്പാക്കേണ്ടതാണ്.

5. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

6. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്. തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ വൈദ്യുതി ബോർഡുമായി എഗ്രിമെന്റ് വെക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

7. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 5/31.1.2019 നുള്ള മറുപടിയിൽ മീറ്ററിംഗ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 കാര്യക്ഷമമായ മാലിന്യ സംസ്കരണം സംവിധാനം ഉറപ്പാക്കി - ക്ലീൻ വടക്കഞ്ചേരി പ്രാവർത്തികമാക്കുക

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 219A മുതൽ 219X വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും ഗ്രാമപഞ്ചായത്ത് ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

ലക്ഷ്യത്തെ മുൻനിർത്തി, ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനത്തിനായി 17-18 വർഷത്തിൽ നടപ്പിലാക്കിയ പ്ലാസ്റ്റിക് ഷ്രെഡിംഗ്& ബെയിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ എന്ന പ്രൊജക്ട് വിലയിരുത്തുകയും വിവിധ രേഖകൾ പരിശോധിക്കുകയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും ചെയ്തു. പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പ്രൊജക്ട് നം – 128/17-18 പ്ലാസ്റ്റിക് ഷ്രെഡിംഗ്& ബെയിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ

അടങ്കൽ – 519372 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ബിൽ നം ,തുക - 31/17-18 തീയതി 24.03.18, തുക 519372/-

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ കുറുവത്ത് കോളനിയിൽ സ്ഥിതിചെയ്യുന്ന ഖര മാലിന്യ സംസ്കരണ പ്ലാന്റിൽ ക്ലീൻ കേരള കമ്പനി മുഖാന്തിരം പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിച്ച്, യൂണിറ്റിന്റെ നടത്തിപ്പ് നിയമാനുസൃതം രൂപീകരിക്കപ്പെട്ട സൊസൈറ്റി മുഖേനെയാക്കി ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിയ്ക്ക് നൽകി 'ക്ലീൻ വടക്കഞ്ചേരി' എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രൊജക്ട് ആണ് ഇത്. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് കീലോഗ്രാമിന് 15 രൂപ പ്രകാരം പോളിമറൈസ്ഡ് റോഡ് നിർമ്മിക്കുന്നതിന് തിരികെ വാങ്ങുന്നതാണെന്ന് പ്രോസ്പെക്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ക്ലീൻ കേരള കമ്പനി പ്രതിദിനം ഒരു ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുന്നതിന് കപ്പാസിറ്റിയുള്ള (മണിക്കൂറിൽ നൂറ് കി.ഗ്രാം) ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുകയും, മാലിന്യ സംസ്കരണ പദ്ധതികളുടെ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട ഗ്രീൻ ഹോപ്പ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സൊസൈറ്റി (രജി. നം PKD/CA/245/2017) യുടെ 15 ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ടിന്റെ നോഡൽ ഓഫീസറായി ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ വാസുദേവൻ കൈറാട്ടിനെ നിശ്ചയിച്ചിട്ടുണ്ട്. 04.02.2019 ന് ഓഡിറ്റ് ടീം പ്രസ്തുത കേന്ദ്രം നേരിൽ സന്ദർശിച്ചതിൽ കണ്ടെത്തിയ വസ്തുതകൾ താഴെ കൊടുക്കുന്നു.

ടൗൺ വാർഡുകളായ 11, 12, 13, 14 എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ് ചെയ്യുന്നതിനായി വേർതിരിച്ച് ചാക്കുകളിലാക്കി സൂക്ഷിച്ചിട്ടുണ്ട്. ഇവ വേർതിരിക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കരാറുപ്രകാരം ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്ക് ഏറ്റെടുക്കാൻ ക്ലീൻ കേരള കമ്പനി ബാധ്യസ്ഥമാണെന്നിരിക്കെ ആയതിന് കമ്പനി നാളിതുവരെ തയ്യാറായിട്ടില്ല. ആയതിനാൽ നിലവിൽ ആഴ്ചയിൽ ഒരു ദിവസം മാത്രമാണ് പ്ലാസ്റ്റിക് ഷ്രെഡിംഗ് പ്ലാന്റ് പ്രവർത്തിക്കുന്നതെന്ന് ജീവനക്കാർ അറിയിച്ചു. പ്ലാന്റിന്റെ പരമാവധി ശേഷി ഉപയോഗിച്ച് നാളിതുവരെയായും ഷ്രെഡിംഗ് നടത്തിയിട്ടില്ല.

മാലിന്യ പ്ലാന്റിൽ സംസ്കരിക്കാൻ കഴിയാത്ത ജൈവ, അജൈവ മാലിന്യങ്ങൾ, മറ്റു മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ, തുറസായ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുകയാണ്. ആയത് നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഇൻസിനേറ്റർ/വേസ്റ്റ് ഡിസ്ട്രോയർ സ്ഥാപിക്കൽ എന്ന പ്രൊജക്ട് രൂപീകരിച്ചെങ്കിലും (നം 246/17-18 അടങ്കൽ 1000000-തനതുഫണ്ട്) നടപ്പിലാക്കിയിട്ടില്ല. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/05.02.19) നാളിതുവരെയായി ഷ്രെഡ് ചെയ്ത 1.5 ടൺ ഗ്രാന്യൂൾസ് ചാക്കുകളിലാക്കി സൂക്ഷിച്ചിട്ടുണ്ടെന്നവിവരം ഗ്രീൻ ഹോപ്പ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സൊസൈറ്റി ക്ലീൻ കേരള കമ്പനിയെ അറിയിച്ചിട്ടുണ്ടെങ്കിലും ഗ്രാന്യൂൾസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും ഉടൻതന്നെ ഇവയെ കമ്പനി ഏറ്റെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് സജീവമാക്കുന്നതോടെയും ഉപയോഗപ്പെടുത്താൻ കഴിയാത്ത നാപ്ക്കിൻ പോലുള്ള മറ്റു മാലിന്യങ്ങൾ ഒഴിവാക്കുന്നതിനുള്ള ഇൻസിനറേറ്റർ സ്ഥാപിക്കുന്നതോടെയും പഞ്ചായത്തിലെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

. നിലവിൽ ടൗൺ വാർഡുകളിൽ നിന്ന് മാത്രം മാലിന്യം ശേഖരിക്കുന്നത് എല്ലാ വാർഡുകളിലേക്കുമായി മാറ്റുക

. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന്റെ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുക

. മാലിന്യ പ്ലാന്റിൽ സംസ്കരിക്കാൻ കഴിയാത്ത ജൈവ,അജൈവ മാലിന്യങ്ങൾ കത്തിക്കുന്നതിന് ഇൻസിനേറ്റർ /വേസ്റ്റ് ഡിസ്പ്പോയർ സ്ഥാപിക്കുക .

. ഡി&ഒ ലൈസൻസ് നൽകുമ്പോൾ വ്യാപാര സ്ഥാപങ്ങളിൽ ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

